ണ്ടുന്ന രൂപത്തിലുള്ള എല്ലാ നടപടികളും സ്വീകരിക്കുകയുണ്ടായി. മുഖ്യമന്ത്രിയേയും റവന്യൂവകുപ്പുമന്ത്രിയേയും ചെയർ തന്നെ ചുമതലപ്പെടുത്തിയിട്ട് ഒന്നിലധികം തവണ റവന്യൂ വകുപ്പുമന്ത്രി ഇതിനുവേണ്ടി കോൺഫറൻസുകൾ നടത്തിയിട്ടുണ്ട്, നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒട്ടേറെ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. അതോടൊപ്പം തന്നെ അതിൽ ഉത്ഭവിച്ചിട്ടുള്ള ഒരു പ്രശ്നമാണ് പരിസ്ഥിതി. ആ പരിസ്ഥിതിയുടെ പ്രശ്നം പരിശോധിക്കുന്നതിനുവേണ്ടി നിയമസഭയുടെ പരിസ്ഥിതി കമ്മിറ്റിക്ക് ചെയർ തന്നെ നിർദ്ദേശം കൊടുത്തു നടപടികൾ തുടങ്ങിയിട്ടുണ്ട്. എല്ലാം പൂർത്തീകരിച്ചിട്ടില്ല. സ്ഥലം ഒരു തവണ സന്ദർശിച്ചു. വീണ്ടും സന്ദർശിക്കാൻ അനുവാദം കൊടുത്തു. അങ്ങനെ രണ്ടു തവണ സന്ദർശിച്ചു. വേണ്ട നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. അതോടൊപ്പം തന്നെ അതിൽ അടങ്ങിയിട്ടുള്ള പ്രിവിലേജിന്റെ പ്രശ്നം വളരെ ഗൗരവമായിട്ടുള്ള പ്രശ്നമായിട്ടാണ് ചെയർ കാണുന്നത്. ഇതുവരെ തീരുമാനം എടുത്തിട്ടില്ല. ഇവിടെ ഉന്നയിച്ച സ്ഥിതിക്ക് ആ പ്രശ്നം നിയമസഭയുടെ പ്രിവിലേജ് കമ്മിറ്റിക്ക് വിടാൻ ചെയർ ഉദ്ദേശിക്കുകയാണ്.

# V. റൂളിംഗ്

## വാങ്മൂലം മറുപടി പറയേണ്ട ചോദ്യങ്ങൾ തെരഞ്ഞെടുക്കുന്നതു സംബന്ധിച്ച്

മി. സ്പീക്കർ : നിയമസഭയിൽ വരുന്ന ചോദ്യങ്ങൾ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ച് ഭരണപക്ഷത്ത് നിന്നും പ്രതിപക്ഷത്ത് നിന്നും ധാരാളം പരാതികൾ ചെയറിന് ലഭിച്ചിട്ടുണ്ട്. ഇന്നും ഒരു പരാതി ലഭിക്കുകയുണ്ടായി. നിയമസഭാ സെക്രട്ടേറിയറ്റിന് ലഭിക്കുന്ന ചോദ്യങ്ങൾ ഭരണ-പ്രതിപക്ഷ വ്യത്യാസം നോക്കാതെ നിഷ്പക്ഷമായിട്ടാണ് തെരഞ്ഞെടുക്കുന്നത്. ഇന്ന് ഇവിടെ മുല്ലപെരിയാർ അണക്കെട്ടിനെ സംബന്ധിക്കുന്ന ഒരു ചോദ്യമുണ്ടായിരുന്നു. അത് രണ്ടും ഈ സഭയിൽ വന്നെങ്കിലും അതിന് മുൻഗണന ലഭിച്ചിട്ടില്ല, അല്ലെങ്കിൽ പിൻതള്ളപ്പെട്ടുപോയി എന്നൊക്കെയുള്ള പരാതികളും ഉൾപ്പെട്ടിട്ടുണ്ട്. ഇതിൽ നിയമസഭയിൽ ചോദ്യങ്ങൾക്ക് അനുമതി നൽകുന്നത് സംബന്ധിച്ച നടപടിക്രമം ബഹുമാനപ്പെട്ട എം.എൽ.എ. മാർ വിശദമായി പഠിക്കണം. പഠിച്ചേ തീരൂ. പഠിക്കാത്തതിന്റെ ഫലമായിട്ട് അല്ലെങ്കിൽ, അത് മനസ്സിലാക്കാൻ ശ്രമിക്കാത്തതിന്റെ ഫലമായിട്ട് ഒട്ടേറെ പ്രശ്നങ്ങൾ ഉണ്ടായികൊണ്ടിരിക്കുകയാണ്. ഒരു നിയമസഭാ അംഗം സ്റ്റാർഡ് ചോദ്യത്തിന് നോട്ടീസ് കൊടുത്താൽ അത് സ്റ്റാർഡ് ചോദ്യമായിട്ട് അഡ്മിറ്റ് ചെയ്തുവന്നാലും സ്റ്റാർഡ് ചോദ്യമായി പ്രിന്റ് ചെയ്ത് വരണമെങ്കിൽ ആ അംഗത്തിന് ബാലറ്റിൽ മുൻഗണന ലഭിക്കണം. നിയമസഭാ സമ്മേളനത്തിന് സമൻസ് അയക്കുമ്പോൾ തന്നെ ചോദ്യങ്ങളുടെ ബാലറ്റ് എന്ന് നടത്തും, എത്ര മണിക്ക് നടത്തും എന്ന് ബുള്ളറ്റിൻ കൊടുക്കാറുണ്ട്. ഏതൊരു നിയമസഭാ അംഗത്തിനും ബാലറ്റ് സമയത്ത് വന്നിരുന്ന് ഈ ബാലറ്റിന്റെ നിഷ്പക്ഷത ബോധ്യപ്പെടുവാനുള്ള അവകാശം ഉണ്ട്. ആ അവകാശം ഏതെങ്കിലും ഒരു അംഗം ഉപയോഗിച്ചിട്ടുണ്ടോ? അതാണ് ചെയറിന് ചോദിക്കാനുള്ളത്. ഞാൻ ഒരു കാര്യം പറയുന്നത് പാർലമെന്റിലെ നടപടിക്രമം അനുസരിച്ച് ബാലറ്റ് നട



LIBRARY ARCHIVES Kerala Legislative Assembly

ത്തുന്ന സമയത്ത് എം.പി. മാർ പാർലമെന്റിൽ വരാറുണ്ട്. വരുന്ന എം.പി. മാർ ആരെല്ലാമാണെന്ന് രേഖപ്പെടുത്താറുമുണ്ട്. നമ്മുടെ മെമ്പർമാർക്ക് ബാലറ്റ് സമയത്ത് വേണമെങ്കിൽ ഈ സെക്രട്ടേറിയറ്റിൽ വന്ന് പരിശോധിക്കാം. അംഗ ങ്ങൾ ആ അധികാരം ഉപയോഗപ്പെടുത്തിയാൽ ഒരു പരിധിവരെ പരാതികൾ ഒഴിവാക്കാൻ സാധിക്കും എന്നാണ് ചെയറിന് പറയാനുള്ളത്. ഇക്കാര്യങ്ങളിൽ ദുരുദ്ദേശം ആരോപിക്കരുതെന്നാണ് ചെയറിനുള്ള അഭ്യർത്ഥന. ഇതിന്റെ എല്ലാം അടിസ്ഥാനപരമായ കാര്യങ്ങൾ കൂടി അംഗങ്ങൾ മനസ്സിലാക്കണം. ഈ സമ്മേളന കാലത്ത് ഒരു ദിവസം പ്രോസസ് ചെയ്യുന്നതിനായി 1200-ല ധികം ചോദ്യങ്ങൾ ലഭിക്കുകയുണ്ടായി. ഇവയുടെ അഡ്മിസിബിലിറ്റി നോക്കി പ്രസ്സിൽ അയയ്ക്കുന്നതിന് മൂന്ന് ദിവസം മാത്രമാണ് സെക്രട്ടേറിയറ്റിന് ലഭി ക്കുന്നത്. എല്ലാ ദിവസവും രാത്രി രണ്ട്, മൂന്ന് മണിവരെ ഈ സെക്രട്ടേറിയ റ്റിലെ അൻപതോളം ജീവനക്കാർ പണിയെടുക്കുന്നു. ഇവിടെ മാത്രമല്ല ഗവൺമെന്റ് സെക്രട്ടേറിയറ്റിലും ജീവനക്കാർ പണിയെടുക്കുന്നുണ്ട്. ഈ അർദ്ധരാത്രി പോയിട്ട് പിറ്റെ ദിവസം രാവിലെ ഡ്യൂട്ടിക്ക് വരേണ്ടവരാണ് അവർ. അത്ര കണ്ട് പ്രയാസപ്പെട്ട ജോലിയാണ് ഈ ആഫീസിൽ അവർ ചെയ്യുന്നത്. ഇതാണ് സാഹചര്യം എന്ന് അംഗങ്ങൾ മനസ്സിലാക്കണം. ഇതിന് ശാശ്വത പരിഹാരം ഉണ്ടായാലേ മതിയാകൂ. പി.എ. മാരുടെ സഹായംകൂടി ലഭിക്കുന്നതുകൊണ്ട് ചോദ്യങ്ങളുടെ എണ്ണം വർദ്ധിച്ചിരിക്കുകയാണ്. ഒരു ഉദാ ഹരണം പറയട്ടെ, ഫയൽ വായിക്കുന്നില്ല. ഒരു ചോദ്യം പറയാം. കേരള ത്തിലെ നിരത്തുകളിൽ കൂടി 1996-ൽ എത്ര കാൽനടയാത്രക്കാർ സഞ്ചരിച്ചു, എത്ര വാഹനങ്ങൾ ഓടി അതിൽ ടൂവീലേഴ്സ് എത്ര? ത്രീവീലേഴ്സ് എത്ര? ഫോർ വീലേഴ്സ് എത്ര? ഇങ്ങനെയുള്ള അനാവശ്യ ചോദ്യങ്ങൾ നിയന്ത്രി ക്കുന്ന കാര്യത്തിൽ കൂടി അംഗങ്ങൾ സഹകരിക്കണം എന്നാണ് ചെയറിന് പറയാനുള്ളത്. ചോദ്യം നിഷേധിക്കുന്ന കാര്യത്തിൽ നമ്മുടെ ചട്ടം അനുസ രിച്ച് ഏത് ചോദ്യവും നിഷേധിക്കാം. ഒരിക്കലും അങ്ങനെ ചെയ്യുന്നില്ല. ചെയർ കൂടി കണ്ടതിനു ശേഷം മാത്രമാണ് ചോദ്യങ്ങൾ നിഷേധിക്കുന്നത് എന്ന കാര്യംകൂടി അംഗങ്ങൾ മനസ്സിലാക്കണം. അതുകൊണ്ട് അത്തരത്തി ലുള്ള ആക്ഷേപങ്ങൾക്ക് അടിസ്ഥാനമില്ല.

## VI. സബ്മിഷൻ

### (1) പറവൂർ നിയോജകമണ്ഡലത്തിലെ മൂന്ന് ക്രിസ്ത്യൻ പള്ളികളിലെ വിഗ്രഹങ്ങൾ തകർക്കപ്പെട്ടതു സംബന്ധിച്ച്

ശ്രീ. പി. രാജു : സർ, എന്റെ നിയോജകമണ്ഡലത്തിലെ ആനങ്ങാട് പഞ്ചായത്തിൽ 8-ാം തീയതി രാത്രിയുണ്ടായ ഒരു അനിഷ്ടസംഭവത്തെ ക്കുറിച്ച് ഗവൺമെന്റിന്റെ ശ്രദ്ധക്ഷണിക്കുന്നതിനു വേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ആനങ്ങാട് പഞ്ചായത്തിലെ മൂന്ന് പള്ളികളിൽ 8-ാം തീയതി രാത്രി ഏതോ സാമൂഹ്യവിരുദ്ധർ കയറി ആക്രമിക്കുകയും ആ പള്ളികളിലെ വിഗ്രഹങ്ങൾ തകർക്കപ്പെടുകയും ചെയ്തു. കൊണ്ടോർപ്പിള്ളി സെന്റ്ജോർജ് ചർച്ചിനോട് അനുബന്ധിച്ചുള്ള കപ്പോളകളിലെ വിശുദ്ധ ഗീവർഗ്ഗീസിന്റെ വിഗ്രഹവും, ചാനായികുളം ചെറുപുഷ്പം ദേവാലയത്തിലെ

LIBRARY ARCHIVES Kerala Legislative Assembly